©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2026 മേയ് 07
07th May 2026
1201 മേടം 24
24th Medam 1201
1948 വൈശാഖം 17
17th Vaisakha 1948

നമ്പർ
No.
1525

GOVERNMENT OF KERALA

GENERAL ADMINISTRATION (PROTOCOL) DEPARTMENT

NOTIFICATION

No. Pro 5A/2/2025/GAD-Part(5) ***Dated, Thiruvananthapuram, 07th May 2026***

In exercise of the powers conferred by Section 15 of the Census Act, 1948 and in accordance with Rule 8 (ii) of the Census Rules, 1990, the Government of Kerala hereby directs the public to extend full cooperation in furnishing accurate and unambiguous information in response to the queries raised during the Census, which is scheduled to be conducted in the State from 1st July, 2026 to 30th July, 2026 following a 15-day period of self-enumeration commencing on 16th June, 2026. Some of the important provisions in the Census Act, 1948 are reproduced below for information of the public.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) The Census is the primary source of data up to the lowest administrative units, i.e. villages in rural areas and town/ wards in urban areas on Housing Condition; Amenities & Assets, Demography, Literacy, Religion, Economic Activity, Migration, Fertility etc.

It is widely used for planning and formulation of policies and effective Public Administration by the Central/State/UT Governments. Apart from this, Census data are used for delimitation and reservation of Constituencies for Parliamentary, Assembly, Panchayats and other Local Bodies. Thus, the public are to cooperate in census taking and provide the correct information.

(ii) Section 8:- Asking of questions and obligation to answer.

(1) A census-officer may ask all such questions of all persons within the limits of the local area for which he is appointed as, by instructions issued in this behalf by the Central Government and published in the Official Gazette, he may be directed to ask.

(2) Every person of whom any question is asked under sub-section (1) shall be legally bound to answer such question to the best of his knowledge or belief:

Provided that no person shall be bound to state the name of any female member of his household, and no woman shall be bound to state the name of her husband or deceased husband or of any other person whose name she is forbidden by custom to mention.

(iii) Section 9:- Occupier to permit access and affixing of numbers.

Every person occupying any house, enclosure, vessel or other place shall allow census-officers such access thereto as they may require for the purposes of the census and as, having regard to the customs of the country, may be reasonable, and shall allow them to paint on, or affix to, the place such letters, marks or numbers as may be necessary for the purposes of the census.

(iv) Section 10:- Occupier or manager to fill up schedule.

(1) Subject to such orders as the Census Commissioner may issue in this behalf, a census-officer may, within the local area for which he is appointed, leave or cause to be left a schedule at any dwelling-house or with the manager or any officer of any commercial or industrial establishment, for the purpose of its being filled up by the occupiers of such house or of any specified part thereof or by such manager or officer with such particulars as the Census Commissioner may direct regarding the inmates of such house or part thereof, or the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

persons employed under such manager or officer, as the case may be, at the time of the taking of the census.

(2) When such schedule has been so left, the said occupier, manager or officer, as the case may be, shall fill it up or cause it to be filled up to the best of his knowledge or belief so far as regards the inmates of such house or part thereof or the persons employed under him, as the case may be, at the time aforesaid, and shall sign his name thereto and, when so required, shall deliver the schedule so filled up and signed to the census-officer or to such person as the census-officer may direct.

(v) Section 11:-Penalties.

(1) - (a) Any census-officer or any person lawfully required to give assistance towards the taking of census who refuses to perform any duty imposed upon him by this Act or any rule made thereunder, or any person who hinders or obstructs another person in performing any such duty, or

(aa) any census-officer or any person lawfully required to give assistance towards the taking of a census who neglects to use reasonable diligence in performing any duty imposed upon him or in obeying any order issued to him in accordance with this Act or any rule made thereunder, or any person who hinders or obstructs another person in performing any such duty or obeying any such order, or;

(d) any person who intentionally gives a false answer to, or refuses to answer to the best of his knowledge or belief, any question asked of him by a census-officer which he is legally bound by section 8 to answer, or

(e) any person occupying any house, enclosure, vessel or other place who refuses to allow a census- officer such reasonable access thereto as he is required by section 9 to allow, or

(f) any person who removes, obliterates, alters, or damages any letters, marks or numbers which have been painted or affixed for the purposes of the census, or

(g) any person who, having been required under section 10 to fill up a schedule, knowingly and without sufficient cause fails to comply with the provisions of that section, or makes any false return there under, or

(h) any person who trespasses into a census office,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

shall be punishable with fine which may extend to one thousand rupees and in case of a conviction under part (a) shall also be punishable with imprisonment which may extend to three years.

(2) Whoever abets any offence under sub-section (1) shall be punishable with fine which may extend to one thousand rupees.

(vi) Section 15:- Records of census not open to inspection nor admissible in evidence.

No person shall have a right to inspect any book, register or record made by census-officer in the discharge of his duty as such, or any schedule delivered under section 10, and notwithstanding anything to the contrary in the *Bharatiya Sakshya Adhiniyam,* 2023(47 of 2023), no entry in any such book, register, record or schedule shall be admissible as evidence in any civil proceeding whatsoever or in any criminal proceeding other than a prosecution under this Act or any other law for any act or omission which constitutes an offence under this Act.

K BIJU IAS,
Secretary.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സർക്കാർ

പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്

വിജ്ഞാപനം

നം. Pro 5A/2/2025/GAD-Part(5) ***തീയതി, തിരുവനന്തപുരം, 2026 മെയ് 07.***

1948 ലെ സെൻസസ് നിയമത്തിലെ വകുപ്പ് 15 പ്രകാരം ലഭിച്ച അധികാരങ്ങളും 1990 ലെ സെൻസസ് ചട്ടങ്ങളിലെ ചട്ടം 8 (ii) പ്രകാരമുള്ള വ്യവസ്ഥകളും വിനിയോഗിച്ച്, 2026 ജൂൺ 16-ന് ആരംഭിക്കുന്ന 15 ദിവസത്തെ സ്വയം-എണ്ണൽ (Self-Enumeration) കാലയളവിനു ശേഷമായി 2026 ജൂലൈ 1 മുതൽ 2026 ജൂലൈ 30 വരെ സംസ്ഥാനത്ത് നടത്തപ്പെടുന്ന കാനേഷുമാരി നടപടികളിൽ ചോദിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് കൃത്യവും വ്യക്തവുമായ വിവരങ്ങൾ നൽകി പൊതുജനങ്ങൾ പൂർണ്ണ സഹകരണം നൽകണമെന്ന് കേരള സർക്കാർ ഇതുവഴി നിർദ്ദേശിക്കുന്നു. പൊതുജനങ്ങളുടെ അറിവിനായി 1948 ലെ സെൻസസ് നിയമത്തിലെ ചില പ്രധാന വ്യവസ്ഥകൾ ഇതോടൊപ്പം കൊടുക്കുന്നു.

(i) നഗരാതിർത്തിയ്ക്ക് പുറത്തുള്ള ഗ്രാമങ്ങൾ, നഗരാതിർത്തിക്കുള്ളിൽ വരുന്ന പട്ടണങ്ങൾ/വാർഡുകൾ എന്നിങ്ങനെ ഏറ്റവും താഴ്ന്ന ഭരണ യൂണിറ്റുകൾ വരെയുള്ളവരുടെ ഭവന സ്ഥിതി; സൗകര്യങ്ങളും ആസ്തികളും, ജനസംഖ്യാശാസ്ത്രം, സാക്ഷരത, മതം, സാമ്പത്തിക പ്രവർത്തനം, കുടിയേറ്റം, പ്രത്യുത്പാദനക്ഷമത മുതലായവയെക്കുറിച്ചുള്ള വിവരങ്ങളുടെ പ്രാഥമിക ഉറവിടമാണ് സെൻസസ്.

കേന്ദ്ര/സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ സർക്കാരുകൾ പദ്ധതി രൂപീകരണത്തിനും ആസൂത്രണത്തിനും ഫലപ്രദമായ പൊതുഭരണത്തിനും സെൻസസ് വിവരങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു. ഇതിനുപുറമെ, പാർലമെന്റ്, അസംബ്ലി, പഞ്ചായത്തുകൾ, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള നിയോജകമണ്ഡലങ്ങളുടെ അതിർത്തി നിർണ്ണയത്തിനും സംവരണത്തിനും സെൻസസ് ഡാറ്റ ഉപയോഗിക്കുന്നു. അതിനാൽ, പൊതുജനങ്ങൾ സെൻസസ് നടത്തിപ്പിൽ സഹകരിക്കുകയും ശരിയായ വിവരങ്ങൾ നൽകുകയും വേണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) വകുപ്പ് 8 :- ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള അധികാരവും മറുപടി നൽകേണ്ട ബാധ്യതയും.

(1) കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച നിർദ്ദേശങ്ങൾ പ്രകാരം, ഒരു സെൻസസ് ഓഫീസർക്ക് താൻ നിയമിക്കപ്പെട്ട തദ്ദേശ പ്രദേശത്തിന്റെ പരിധിയിലുള്ള എല്ലാ വ്യക്തികളോടും ആവശ്യമായ എല്ലാ ചോദ്യങ്ങളും ചോദിക്കാവുന്നതാണ്.

(2) ഉപവകുപ്പ് (1) പ്രകാരം ചോദിക്കപ്പെടുന്ന ഏതു ചോദ്യത്തിനും, ഓരോ വ്യക്തിയും തന്റെ അറിവും വിശ്വാസവും അനുസരിച്ച് ഉത്തരം നൽകാൻ നിയമപരമായി ബാധ്യസ്ഥനാണ്:

എന്നാൽ, ഒരു വ്യക്തിയും തന്റെ കുടുംബത്തിലെ ഏതെങ്കിലും സ്ത്രീ അംഗത്തിന്റെ പേര് പറയാൻ ബാധ്യസ്ഥനല്ല, കൂടാതെ ഒരു സ്ത്രീയും തന്റെ ഭർത്താവിന്റെയോ മരിച്ചുപോയ ഭർത്താവിന്റെയോ അല്ലെങ്കിൽ ആചാരപ്രകാരം പേര് പരാമർശിക്കാൻ അനുവദിക്കാത്ത മറ്റേതെങ്കിലും വ്യക്തിയുടെയോ പേര് പറയാൻ ബാധ്യസ്ഥയല്ല.

(iii) വകുപ്പ് 9 :- പ്രവേശനത്തിനും നമ്പറുകൾ പതിപ്പിക്കുന്നതിനും വാസസ്ഥല ഉടമ/ഉപഭോക്താവ്-ന്റെ അനുവാദം

ഏതെങ്കിലും വീട്, പരിസരം, ജലയാനം അല്ലെങ്കിൽ മറ്റ് സ്ഥലങ്ങൾ കൈവശം വച്ചിരിക്കുന്ന ഓരോ വ്യക്തിയും സെൻസസ് ഓഫീസർമാർക്ക് സെൻസസ് ആവശ്യങ്ങൾക്കായി, രാജ്യത്തിലെ ചട്ടങ്ങളെ മാനിച്ചുകൊണ്ട് യുക്തിസഹമായ രീതിയിൽ പ്രവേശനം അനുവദിക്കേണ്ടതാണ്. കൂടാതെ, സെൻസസിന്റെ ആവശ്യങ്ങൾക്ക് ആവശ്യമായ അക്ഷരങ്ങളോ അടയാളങ്ങളോ അക്കങ്ങളോ അവിടെ എഴുതുകയോ പതിപ്പിക്കുകയോ ചെയ്യാൻ അവരെ അനുവദിക്കേണ്ടതാണ്.

(iv) വകുപ്പ് 10 :- വാസസ്ഥല ഉപഭോക്താവോ മാനേജരോ ഷെഡ്യൂൾ പൂരിപ്പിക്കേണ്ടത്.

(1) സെൻസസ് കമ്മീഷണർ ഇതിനായി പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി, ഒരു സെൻസസ് ഓഫീസർക്ക്, താൻ നിയമിക്കപ്പെട്ട തദ്ദേശ പ്രദേശത്തിനുള്ളിൽ, ഏതെങ്കിലും വാസസ്ഥലത്തോ അല്ലെങ്കിൽ ഏതെങ്കിലും വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ മാനേജർക്കോ ഉദ്യോഗസ്ഥർക്കോ ഒരു ഷെഡ്യൂൾ വിട്ടുകൊടുക്കാവുന്നതാണ്. അത്തരം വീടിന്റെയോ അതിന്റെ ഏതെങ്കിലും നിർദ്ദിഷ്ട ഭാഗത്തിന്റെയോ കൈവശക്കാർ അല്ലെങ്കിൽ അത്തരം മാനേജർ അല്ലെങ്കിൽ ഓഫീസർ അത്തരം വീട്ടിലെയോ അതിന്റെ ഭാഗത്തിലെയോ അന്തേവാസികളെക്കുറിച്ചോ അല്ലെങ്കിൽ അത്തരം മാനേജരുടെയോ ഓഫീസറുടെയോ കീഴിൽ ജോലി ചെയ്യുന്ന വ്യക്തികളെക്കുറിച്ചോ ഉള്ള വിവരങ്ങൾ, സെൻസസ് കമ്മീഷണർ നിർദ്ദേശിക്കുന്ന വിധത്തിൽ, പൂരിപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഇത്തരത്തിൽ ഷെഡ്യൂൾ വിട്ടുകിട്ടിയാൽ, ബന്ധപ്പെട്ട ഉപഭോക്താവോ മാനേജറോ ഉദ്യോഗസ്ഥനോ, തന്റെ അറിവും വിശ്വാസവുമനുസരിച്ച്, നിർദ്ദിഷ്ട സമയത്ത് വീട്ടിലോ സ്ഥാപനത്തിലോ ഉണ്ടായിരുന്ന വ്യക്തികളുടെ വിവരങ്ങൾ പൂരിപ്പിക്കുകയും അതിൽ ഒപ്പുവെക്കുകയും വേണം. ആവശ്യപ്പെട്ടാൽ, പൂരിപ്പിച്ച ഷെഡ്യൂൾ സെൻസസ് ഉദ്യോഗസ്ഥനോ, അദ്ദേഹം നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും വ്യക്തിക്കോ കൈമാറുകയും ചെയ്യേണ്ടതാണ്.

(v) വകുപ്പ് 11 :- ശിക്ഷകൾ.

(1) - (a) ഈ ആക്ട് പ്രകാരമോ അല്ലെങ്കിൽ അതിനു കീഴിലായി രൂപപ്പെടുത്തിയ ചട്ടങ്ങൾ പ്രകാരമോ ഏർപ്പെടുത്തിയിരിക്കുന്ന കടമകൾ നിർവ്വഹിക്കാൻ വിസമ്മതിക്കുന്ന ഏതെങ്കിലും സെൻസസ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സഹായം നൽകേണ്ട വ്യക്തി, അല്ലെങ്കിൽ അത്തരത്തിലുള്ള കടമ നിർവഹിക്കുന്നതിൽ മറ്റൊരാളെ തടസപ്പെടുത്തുന്ന വ്യക്തി; അല്ലെങ്കിൽ

(aa) അത്തരത്തിലുള്ള കടമകൾ നിർവഹിക്കുന്നതിൽ ആവശ്യമായ ശ്രദ്ധ പുലർത്താതെയോ, നൽകിയ ഉത്തരവുകൾ പാലിക്കാതെയോ പ്രവർത്തിക്കുന്ന സെൻസസ് ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സഹായം നൽകേണ്ട വ്യക്തി, അല്ലെങ്കിൽ അത്തരത്തിലുള്ള കടമ നിർവഹിക്കുന്നതിലും ഉത്തരവുകൾ പാലിക്കുന്നതിലും മറ്റൊരാളെ തടസപ്പെടുത്തുന്ന വ്യക്തി; അല്ലെങ്കിൽ

(d) സെൻസസ് ഓഫീസർ ചോദിക്കുന്ന, സെക്ഷൻ 8 പ്രകാരം നിയമപരമായി ഉത്തരം നൽകാൻ ബാധ്യസ്ഥതയുള്ള ഏതൊരു ചോദ്യത്തിനും, മനഃപൂർവ്വം തെറ്റായ മറുപടി നൽകുന്ന അല്ലെങ്കിൽ തന്റെ അറിവിലോ വിശ്വാസത്തിലോ ഉത്തരം നൽകാൻ വിസമ്മതിക്കുന്ന ഏതൊരു വ്യക്തിയും, അല്ലെങ്കിൽ

(e) ഒരു സെൻസസ് ഉദ്യോഗസ്ഥന് സെക്ഷൻ 9 പ്രകാരം അനുവദിക്കാൻ ആവശ്യപ്പെടുന്ന ന്യായമായ പ്രവേശനം അനുവദിക്കാത്ത, ഏതെങ്കിലും വീട്, പരിസരം, ജലയാനം അല്ലെങ്കിൽ മറ്റ് സ്ഥലം എന്നിവയിൽ താമസിക്കുന്ന ഏതൊരു വ്യക്തിയും, അല്ലെങ്കിൽ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(f) സെൻസസിന്റെ ആവശ്യങ്ങൾക്കായി എഴുതുകയോ പതിപ്പിക്കുകയോ ചെയ്ത അക്ഷരങ്ങൾ, അടയാളങ്ങൾ അല്ലെങ്കിൽ അക്കങ്ങൾ നീക്കം ചെയ്യുകയോ, മായ്ച്ചുകളയുകയോ, മാറ്റം വരുത്തുകയോ കേടുവരുത്തുകയോ ചെയ്യുന്ന ഏതൊരു വ്യക്തിയും, അല്ലെങ്കിൽ

(g) സെക്ഷൻ 10 പ്രകാരം ഒരു ഷെഡ്യൂൾ പൂരിപ്പിക്കാൻ ആവശ്യപ്പെടുന്ന ഏതൊരു വ്യക്തിയും, യുക്തിസഹമായ കാരണമില്ലാതെ ആ സെക്ഷനിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ ആ വകുപ്പിന് കീഴിൽ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്താൽ, അല്ലെങ്കിൽ

(h) സെൻസസ് ഓഫീസിലേക്ക് അതിക്രമിച്ചു കയറുന്ന ഏതൊരു വ്യക്തിയും;

ഇവർക്കൊക്കെയും ആയിരം രൂപ വരെ പിഴ ശിക്ഷ ലഭിക്കാവുന്നതും, ഭാഗം (എ) പ്രകാരം കുറ്റം തെളിയിക്കപ്പെട്ടാൽ മൂന്ന് വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്നതുമാണ്.

(2) ഉപവകുപ്പ് (1) പ്രകാരമുള്ള ഏതെങ്കിലും കുറ്റകൃത്യത്തിന് പ്രേരിപ്പിക്കുന്ന ഏതൊരാളും ആയിരം രൂപവരെ പിഴശിക്ഷയ്ക്ക് വിധേയനാകും.

(vi) വകുപ്പ് 15 :- സെൻസസ് രേഖകൾ പരിശോധനയ്ക്ക് വിധേയമല്ല; തെളിവായി സ്വീകരിക്കാനാവില്ല.

സെൻസസ് ഉദ്യോഗസ്ഥൻ തന്റെ ഔദ്യോഗിക കടമ നിർവഹിക്കുന്നതിനിടെ തയ്യാറാക്കിയ ഏതെങ്കിലും പുസ്തകം, രജിസ്റ്റർ അല്ലെങ്കിൽ രേഖ, അല്ലെങ്കിൽ സെക്ഷൻ 10 പ്രകാരം നൽകിയിട്ടുള്ള ഏതെങ്കിലും ഷെഡ്യൂൾ എന്നിവ പരിശോധിക്കാൻ ആർക്കും അവകാശമില്ല. കൂടാതെ, ഭാരതീയ സാക്ഷ്യ അധിനിയം, 2023 (47 of 2023) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എന്തെങ്കിലും ഉണ്ടായാലും, അത്തരം ഏതെങ്കിലും പുസ്തകത്തിലോ രജിസ്റ്ററിലോ രേഖയിലോ ഷെഡ്യൂളിലോ ഉള്ള ഒരു എൻട്രിയും ഈ നിയമപ്രകാരം അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും നിയമപ്രകാരം നടക്കുന്ന കുറ്റാന്വേഷണ നടപടികൾ ഒഴികെ, സിവിൽ അല്ലെങ്കിൽ ക്രിമിനൽ കേസുകളിൽ തെളിവായി സ്വീകരിക്കാനാവില്ല.

കെ ബിജു ഐഎഎസ്

സെക്രട്ടറി

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.05.07 08:58:37 +05:30